# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

**(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള (2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2026**

# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023–2026)

## ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

**(2026 ഫെബ്രുവരി മാസം 3 -ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021–23)യുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള (2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീമതി യു. പ്രതിഭ

അംഗങ്ങൾ :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല*

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം.., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി.

* 2025 നവംബർ മാസം 29-ാം തീയതി അന്തരിച്ചു.

**ആമുഖം**

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട് (2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) 2022 മാർച്ച് 18-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ജനുവരി 29-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

യു. പ്രതിഭ,
*ചെയർപേഴ്സൺ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 3 .

**റിപ്പോർട്ട്**

പതിനഞ്ചാം കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട് 2022 മാർച്ച് 18-ാം തീയതി സഭയിൽ സമർപ്പിച്ചു.

2020 ജനവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജി വിഷയങ്ങളുടെയും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളുടെയും ജില്ലാ ആസ്ഥാനങ്ങളിൽ നടത്തിയ തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പൊതുവായ റിപ്പോർട്ടിൽ 11 മുതൽ 15 വരെയുള്ള ഖണ്ഡികകളിലായി 5 ശിപാർശകൾ ഉണ്ടായിരുന്നു. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി രണ്ടാമത് റിപ്പോർട്ടിന്റെ പകർപ്പുകൾ 02.04.2022-ൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ 5 ശിപാർശകളിന്മേലും വിവിധ വകുപ്പുകൾ റിപ്പോർട്ടുകൾ ലഭ്യമാക്കുകയും അവ സമിതി പരിഗണിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിലെ 5 ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

| ക്രമ നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1. | **ശിപാർശ 1 (ഖണ്ഡിക 11)**<br><br>സമിതിയുടെ തെളിവെടുപ്പുയോഗങ്ങൾക്ക് ഒരാഴ്ച മുമ്പേതന്നെ ബന്ധപ്പെട്ട ഹർജികളിലെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച ഗവൺമെന്റ് റിപ്പോർട്ട് നൽകണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടാറുണ്ടെങ്കിലും പലപ്പോഴും ആയത് ലഭ്യമാക്കാറില്ല. ജില്ലാതല യോഗങ്ങളിൽ പങ്കെടുക്കുന്ന കളക്ടർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ തെളിവെടുപ്പ് വേളയിൽ ഹർജി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുകയും ആവശ്യമായ വിവരങ്ങൾ വാക്കാൽ അറിയിക്കുകയും ചെയ്യാറുണ്ട്. എന്നാൽ നിയമസഭാ സമിതികളെ സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ | **പാർലമെന്ററികാര്യ (ബി) വകുപ്പ്**<br><br>(21.08.2024-ലെ പാ.കാ.വ-ബി2/ 62/2024-പാ.കാ.വ. നമ്പർ കത്തുമുഖേന ലഭിച്ചത്)<br>സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ടിലെ 11-ാമത് ഖണ്ഡികയിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, തെളിവെടുപ്പ് വേളയിൽ ജില്ലാതല ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടുകൾ ഗവൺമെന്റ് തലത്തിൽ പരിശോധിച്ച് രണ്ടാഴ്ചക്കുള്ളിൽ സമിതിക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശം സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും കർശനമായി പാലിക്കേണ്ട |

| | | |
|---|---|---|
| | സാക്ഷ്യപ്പെടുത്തിയ ഗവൺമെന്റ് റിപ്പോർട്ടാണ് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടത്. ഇതിനാൽ ഹർജി വിഷയം പരിഹരിക്കപ്പെട്ടതായി ബോധ്യം വന്നാൽപോലും പ്രസ്തുത ഗവൺമെന്റ് റിപ്പോർട്ടിനായി തുടർന്നും വർഷങ്ങളോളം കത്തിടപാടുകൾ നടത്തേണ്ടിവരികയും ഫയൽ നടപടി അവസാനിപ്പിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുകയും ചെയ്യുന്നു. പ്രശ്നപരിഹാരം സംബന്ധിച്ച് ഹർജിക്കാരനെ അറിയിക്കുവാൻ സാധിക്കുന്നതുമില്ല. ആയതിനാൽ ഫയലുകൾ തീർപ്പാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി തെളിവെടുപ്പ് വേളയിൽ ജില്ലാതല ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടുകൾ ഗവൺമെന്റ് തലത്തിൽ പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ സമിതിക്ക് ലഭ്യമാക്കുവാൻ എല്ലാ വകുപ്പുകൾക്കും ചീഫ് സെക്രട്ടറി കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | താണെന്ന് നിർദ്ദേശിച്ചുകൊണ്ട് 03.04.2023-ൽ പാകാവ-ബി2/96/2022-പാകാവ നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>(24.10.2024-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| **2.** | <u>ശിപാർശ 2 (ഖണ്ഡിക 12)</u><br><br>കേരളത്തിൽ ശ്രവണ-സംസാര വൈകല്യമുള്ളവർക്ക് പഠിക്കുന്നതിനും പ്രയോഗത്തിൽ വരുത്തുന്നതിനുമായി ഏകീകൃത ചിഹ്നഭാഷ (സൈൻ ലാംഗ്വേജ്) നിലവിലില്ലെന്നും വിവിധ സ്ഥലങ്ങളിൽ പ്രാദേശികമായി രൂപപ്പെടുത്തിയെടുത്ത തരത്തിലുള്ള ആംഗ്യഭാഷയാണ് പ്രയോഗത്തിലുള്ളതെന്നും ആയതിനാൽ ഏകീകൃത രൂപമുള്ളതും വ്യാകരണമുൾക്കൊള്ളുന്നതുമായ ഇന്ത്യൻ ആംഗ്യഭാഷ (Indian Sign Language) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പഠിപ്പിക്കുന്നതിനും വ്യാപക പ്രചരണം നൽകുന്നതിനും ശ്രവണ | <u>പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്</u><br><br>(04.12.2023-ലെ ആർ2/145/2022-പൊ.വി.വ നമ്പർ കത്തുമുഖേന ലഭിച്ചത്)<br><br>എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ 2019-ൽ ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള സവിശേഷ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് Indian Sign Langauage (ISL)-ൽ മൂന്ന് ദിവസത്തെ മുഖാമുഖ പരിശീലനം നൽകുകയുണ്ടായി. തുടർ വർഷങ്ങളിൽ രണ്ടുഘട്ടങ്ങളിലായി 'മുദ്രികാപാഠം' എന്ന പേരിൽ മുഴുവൻ എച്ച്.ഐ. സ്പെഷ്യൽ സ്കൂൾ |

| | | |
|---|---|---|
| | സംസാര വൈകല്യമുള്ളവർക്കും അവരുടെ അധ്യാപകർക്കും അവരുമായി അടുത്തിട പഴകുന്നവർക്കും പഠിച്ച് പ്രയോഗത്തിൽ വരുത്തുന്നതിനുമായി സംസ്ഥാനത്ത് ഒരു Indian Sign Language പരിശീലന കേന്ദ്രം ആരംഭിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച ഹർജിയിന്മേൽ സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. SCERT-യുടെ കീഴിലുള്ള ശ്രുവണ പരിമിതി വിദ്യാലയങ്ങളിലെ അധ്യാപകർക്ക് ഇന്ത്യൻ സൈൻ ലാംഗ്വേജിനെക്കുറിച്ച് അറിവില്ലാത്തതിനാൽ അവർക്കിഷ്ടമുള്ള ആംഗ്യങ്ങൾ ഉപയോഗിച്ച് കുട്ടികളെ പഠിപ്പിക്കുകയാണെന്നും അവശ്യം വേണ്ട യോഗ്യതകൾ ഇല്ലാത്ത അധ്യാപകർ സ്പെഷ്യൽ ബി.എഡ്/ഡിപ്ലോമ എടുത്ത് ജോലിയിൽ തുടരുകയാണെന്നും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)-ൽ കുട്ടികൾക്ക് പ്രവേശനം ലഭിക്കാറില്ലെന്നും പ്രസ്തുത യോഗത്തിൽ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടത് സമിതി ഗൗരവമായി കാണുന്നു. ആയതിനാൽ SCERT-യുടെ കീഴിലുള്ള ശ്രുവണ പരിമിതി വിദ്യാലയങ്ങളിൽ ISL പഠിച്ച് യോഗ്യത നേടിയ അധ്യാപകരെ നിയമിക്കണമെന്നും കുട്ടികൾക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH) നടത്തുന്ന ഒരു വർഷത്തെ കോഴ്സ് പഠിച്ച് പാസ്സാകാനുള്ള അവസരം ഒരുക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | അധ്യാപകർക്കും ഓൺലൈനായി നാല് ദിവസത്തെ ഐ.എസ്.എൽ. പരിശീലനം നൽകുകയുണ്ടായി. 2022 മെയ് മാസം നടന്ന ഹൈസ്കൂൾ വിഭാഗം എച്ച്.ഐ. സ്പെഷ്യൽ സ്കൂൾ അധ്യാപക സംഗമം, 2022-ലും ഐ.എസ്.എൽ. ഒരു സെഷനായി ഉൾപ്പെടുത്തുകയുണ്ടായി. National Institute of Speech & Hearing (NISH) രണ്ട് വർഷം ദൈർഘ്യമുള്ളതും നാല് സെമസ്റ്ററുകൾ ഉൾപ്പെട്ടിട്ടുള്ളതുമായ Diploma in Indian Sign Language Interpretation (DISLI) ദ്വിവത്സര Diploma Course നടത്തുന്നുണ്ട്. ടി കോഴ്സിന് Rehabilitation Council of India (RCI) യുടെ അംഗീകാരം നിലവിലുണ്ടെന്നും ഡഫ് ആയിട്ടുള്ള കുട്ടികളുമായി Indian Sign Language-ലൂടെ ആശയ വിനിമയം നടത്തുന്നതിനും വിവിധ വിഷയങ്ങൾ/ പാഠഭാഗങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിനും DISLI course അധ്യാപകരെ പ്രാപ്തരാക്കുന്നതാണെന്നും ഈ കോഴ്സുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസിൽ NISH വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, ശ്രുവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിൽ നിലവിൽ ജോലി ചെയ്തുവരുന്ന അധ്യാപകർക്ക് ഘട്ടംഘട്ടമായി Diploma in Indian Sign Language Interpretation (DISLI) ൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.<br><br>**(20.03.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)** |

| | | |
|---|---|---|
| **3.** | <u>**ശിപാർശ 3 (ഖണ്ഡിക 13)**</u><br><br>ഐ.ടി. മേഖലയിലെ വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന്റെ ഭാഗമായുള്ള ടെക്നോപാർക്ക് സന്ദർശന വേളയിൽ ആംഗ്യഭാഷ പരിഭാഷകരുടെ അഭാവംമൂലം ശ്രവണ-സംസാര വൈകല്യ മുള്ളവർക്ക് ടെക്നോപാർക്ക് പോലെയുള്ള കമ്പനികളിൽ തൊഴിലവസരങ്ങൾ നഷ്ട പ്പെടുന്നുണ്ടെന്നുള്ള പരാതി സമിതിക്ക് ലഭിക്കുകയുണ്ടായി. സമിതി ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയുണ്ടായി. കമ്പനികളിലെ ജീവനക്കാർക്ക് ശ്രവണ-സംസാര വൈകല്യമുള്ളവരുമായി ആശയ വിനിമയം നടത്താൻ ആംഗ്യഭാഷ പരിഭാഷകരുടെ സേവനം ലഭ്യമാക്കിയാൽ ഇത്തരക്കാർക്ക് നിയമനം നൽകാൻ കമ്പനികൾക്ക് താൽപ്പര്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടെക്നോ പാർക്ക് പോലെയുള്ള കമ്പനികളിൽ ആംഗ്യഭാഷ പരിഭാഷകരുടെ സേവനം ലഭ്യമാക്കുകയും യോഗ്യരായ ഉദ്യോഗാർ ത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br><u>**27.12.2022-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം**</u><br><br>ടെക്നോപാർക്കിൽ നിലവിൽ ഇന്റർപ്രെട്ടറുടെ സേവനം ലഭിക്കുന്നുണ്ടോ; ഇതുവരെ എത്ര ഇന്റർപ്രെട്ടർമാരെ നിയമിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. | <u>**ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ (എ) വകുപ്പ്**</u><br><br>(08.08.2022-ലെ ഐ.ടി- എ 2/65/2022-ഐ.ടി.ഡി. നമ്പർ കത്തുമുഖേന ലഭിച്ചത്)<br><br>നിലവിൽ ഐ.ടി. കമ്പനികൾ നിഷുമായി (NISH- National Institute of Speech and Hearing) സഹകരിച്ച് ഇന്റർപ്രിട്ടറുടെ സേവനം ആവശ്യമായ ഘട്ടങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. അവശ്യഘട്ടങ്ങളിൽ ഈ വിഷയം സംബന്ധിച്ച് നിഷുമായി ചർച്ച നടത്തി വേണ്ട നടപടികൾ ടെക്നോപാർക്ക് സ്വീകരിക്കുന്നതാണ്. നിലവിൽ 470 കമ്പനികൾ ടെക്നോപാർക്കിൽ പ്രവർത്തിച്ചു വരുന്നു. ഓരോ കമ്പനികൾക്കും പ്രത്യേകമായി ഓരോ ഇന്റർപ്രിട്ടറുടെ സേവനം ഉറപ്പാക്കുക എന്നത് പ്രായോഗികമല്ല.<br><br>(27.12.2022-ലെ യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആരാഞ്ഞു.)<br><br><u>**ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ (എ) വകുപ്പ്**</u><br><br>(24.06.2023 ലെ ഐ.ടി. എ 2/65/2022-ഐ.ടി.ഡി. നമ്പർ കത്തുമുഖേന ലഭിച്ചത്)<br><br>ടെക്നോപാർക്കിൽ നിലവിൽ അലയൻസ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, യു.എസ്.ടി. ഗ്ലോബൽ എന്നീ കമ്പനികൾ നിഷുമായി സഹകരിച്ച് ഇന്റർപ്രിട്ടറുടെ സേവനം ആവശ്യമായ ഘട്ടങ്ങളിൽ |

| | | |
|---|---|---|
| | | ലഭ്യമാക്കുന്നു. ഇതുവരെ ടെക്നോപാർക്ക് ഇന്റർപ്രിട്ടർമാരെ നിയമിച്ചിട്ടില്ല.<br><br>(23.08.2023-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 4. | **<u>ശിപാർശ 4 (ഖണ്ഡിക 14)</u>**<br><br>മകൻ മരിക്കുമ്പോൾ മകന്റെ പേരിലുള്ള സ്വത്തുക്കളുടെ ഒരുഭാഗം അമ്മയ്ക്ക് നൽകണമെന്ന് 1956-ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന ഓഹരി മാതാവിന്റെ ജീവിതകാലത്ത് മാതാവിന്റെ ഉടമസ്ഥതയിലുള്ള മറ്റ് വസ്തുക്കളിലെന്നപോലെ യഥേഷ്ടം കൈകാര്യം ചെയ്യുന്നതിനും ക്രയവിക്രയം നടത്തുന്നതിനും മാതാവിന് പൂർണ്ണ അവകാശമുണ്ട്. എന്നാൽ ജീവിച്ചിരിക്കുന്ന മറ്റ് മക്കളുടെ സ്വത്തിന്മേൽ അമ്മയ്ക്ക് യാതൊരു അവകാശവുമില്ല.<br>1956-ലെ ഹിന്ദു പിന്തുടർച്ചാവകാശ ആക്ടിന്റെ (1956-ലെ 30-ാം കേന്ദ്ര ആക്ട്) 8-ാം വകുപ്പനുസരിച്ച് മരണശാസനം കൂടാതെ മരിക്കുന്ന ഒരു ഹിന്ദു പുരുഷന്റെ പിന്തുടർച്ചാവ കാശികൾ ആരെല്ലാമെന്ന് വ്യക്തമാക്കുന്നു. അതിൽ ഒന്നാമത് പട്ടികയിൽ യഥാക്രമം പുത്രൻ, പുത്രി, വിധവ, മാതാവ് എന്നിവർ ഉൾപ്പെടുന്നു. പ്രസ്തുത ആക്ടിന്റെ 15-ാം വകുപ്പനുസരിച്ച് മരണശാസനം കൂടാതെ മരിക്കുന്ന ഒരു ഹിന്ദു സ്ത്രീയുടെ വസ്തു എപ്രകാരമാണ് അവകാശികളിലേക്ക് സംക്രമിക്കുന്നതെന്നും അവകാശികൾ ആരെല്ലാമെന്നും വ്യക്തമാക്കുന്നു. ഇതനുസരിച്ച് ഒന്നാമതായി പുത്രന്മാരിലേക്കും പുത്രിമാരി ലേക്കും ഭർത്താവിലേക്കും വസ്തു സംക്രമിക്കുന്നതാണ്. മുമ്പ് മരിച്ച മകനിൽ നിന്നും മാതാവിനു ലഭിച്ച ഓഹരി മാതാവ് മരണശാസനം കൂടാതെ മരിക്കുന്ന സാഹചര്യത്തിൽ മാതാവിന്റെ മേൽ വിവരിച്ച | **<u>നിയമ (ഒപ്പീനിയൻ ഇ) വകുപ്പ്</u>**<br><br><u>(15.06.2022-ലെ ഒപ്പീനിയൻ-ഇ 2/44/2022-നിയമം നമ്പർ കത്തുമുഖേന ലഭിച്ചത്)</u><br><br>ഹിന്ദു പിന്തുടർച്ചാവകാശ നിയമപ്രകാരം മരണപ്പെടുന്ന മകന്റെ സ്വത്തിന്റെ ഒരു ഓഹരി മാതാവിന് ലഭിക്കുന്നത്, മാതാവിന്റെ മരണശേഷം ടിയാളുടെ അവകാശികൾക്ക് സംക്രമിക്കാതെ മരണപ്പെട്ട മകന്റെ അവകാശികൾക്ക് വന്നു ചേരുന്നവിധം 2015-ലെ ഹിന്ദു പിന്തുടർച്ച (കേരള ഭേദഗതി) നിയമം കൊണ്ടുവന്നെ ങ്കിലും മാതാവ് ജീവിച്ചിരിക്കുമ്പോൾ ടിയാൾക്ക് വസ്തു യഥേഷ്ടം ക്രയവിക്രയം ചെയ്യാൻ അവകാശം നിലവിലുള്ളതായും വിൽപത്രം പോലെയുള്ള മാർഗങ്ങളിലൂടെ സ്വത്ത് അന്യാധീനപ്പെടുത്താൻ അവകാശം മാതാവിന് നിലനിർത്തി യിട്ടുള്ളതിനാൽ പ്രസ്തുത ഭേദഗതി ഹിന്ദു വിധവയ്ക്ക് ഫലത്തിൽ ഒരു പ്രയോജനവും ചെയ്യുന്നില്ല എന്ന് ബഹു. സമിതി നിരീക്ഷിച്ചുകൊണ്ട്, മകന്റെ മരണത്തെ തുടർന്ന് മാതാവിന് ലഭിക്കുന്ന മകന്റെ ഓഹരി ക്രയവിക്രയം ചെയ്യുന്നതിന് മാതാവിന് അവകാശം നൽകാൻ പാടില്ലെന്നും മാതാവിന്റെ മരണശേഷം സ്വത്ത് മകന്റെ അവകാശികൾക്ക് തന്നെ തിരികെ ലഭിക്കുന്ന രീതിയിൽ നിയമ ഭേദഗതി വേണമെന്നുമാണ് സമിതി |

| | | |
|---|---|---|
| | അവകാശികളുടെ ക്രമത്തിൽ സംക്രമിക്കുന്നത് ഒഴിവാക്കുന്നതിനും പകരം അവ തിരികെ മരണപ്പെട്ട മകന്റെ ഭാര്യയ്ക്കും മക്കൾക്കും ചെന്നുചേരുന്നതിനും വേണ്ടിയാണ് 2015-ലെ ഹിന്ദു പിന്തുടർച്ച (കേരള ഭേദഗതി) ആക്ട് കൊണ്ടുവന്നതെന്നും വിധവയോടും മക്കളോടും നീതി പുലർത്തുക എന്ന സദുദ്ദേശമാണ് പ്രസ്തുത ഭേദഗതി നിയമത്തിനുള്ളതെന്നുമാണ് ഹിന്ദു പിന്തുടർച്ചാവകാശ നിയമം ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ട് സമിതിക്ക് ലഭിച്ച ഹർജിയിന്മേൽ നിയമ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളത്. ഹർജി വിഷയം സമിതി വിശദമായി പരിശോധിക്കുകയും മകന്റെ മരണസമയത്ത് അമ്മയ്ക്ക് സ്വത്തിന്മേലുള്ള അവകാശവും വിൽപ്പത്രം പോലുള്ള മാർഗ്ഗങ്ങൾ വഴി സ്വത്തുക്കൾ അന്യാധീനപ്പെടുത്താനുള്ള അവകാശവും നിലനിർത്തിയിരിക്കുന്നതിനാൽ പ്രസ്തുത അമന്റ്മെന്റ് ഹിന്ദു വിധവയ്ക്ക് ഫലത്തിൽ ഒരു പ്രയോജനവും ചെയ്യുന്നില്ലെന്ന് സമിതി നിരീക്ഷിക്കുകയുണ്ടായി.<br><br>ആയതിനാൽ മകന്റെ മരണത്തെത്തുടർന്ന് മകന്റെ സ്വത്തിൽ നിന്നും മാതാവിന് ലഭിക്കുന്ന ഓഹരി ക്രയവിക്രയം ചെയ്യുന്നതിന് മാതാവിന് അവകാശം നൽകുവാൻ പാടില്ലെന്നും ആയത് ടിയാളുടെ കാലശേഷം മരണപ്പെട്ട മകന്റെ അവകാശികൾക്കുതന്നെ തിരികെ ലഭിക്കത്തക്ക വിധത്തിൽ ബന്ധപ്പെട്ട നിയമം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ശിപാർശ ചെയ്തിട്ടുള്ളത്.<br><br>സ്വത്തവകാശം സംബന്ധിച്ച് ഓരോ മതസ്ഥർക്കും അവരുടെ വ്യക്തിനിയമങ്ങളാണ് ബാധകമായിട്ടുള്ളത്. 1956-ലെ ഹിന്ദു പിന്തുടർച്ചാവകാശ ആക്ടിന്റെ (1956-ലെ 30-ാം കേന്ദ്ര ആക്ട്) 8-ാം വകുപ്പനുസരിച്ച് മരണശാസനം കൂടാതെ മരിക്കുന്ന ഒരു ഹിന്ദു പുരുഷന്റെ പിന്തുടർച്ചാവകാശികൾ ആരെല്ലാമെന്ന് വ്യക്തമാക്കുന്നു. അതിൽ ഒന്നാമത് പട്ടികയിൽ യഥാക്രമം പുത്രൻ, പുത്രി, വിധവ, മാതാവ് എന്നിവർ ഉൾപ്പെടുന്നു. ടി ആക്ടിന്റെ 15-ാം വകുപ്പനുസരിച്ച് മരണശാസനം കൂടാതെ മരിക്കുന്ന ഒരു ഹിന്ദു സ്ത്രീയുടെ വസ്തു എപ്രകാരമാണ് അവകാശികളിലേയ്ക്ക് സംക്രമിക്കുന്നതെന്നും അവകാശികൾ ആരെല്ലാമെന്നും വ്യക്തമാക്കുന്നു. ഇതനുസരിച്ച് ഒന്നാമതായി പുത്രൻമാരിലേയ്ക്കും, പുത്രിമാരിലേയ്ക്കും, ഭർത്താവിലേയ്ക്കും വസ്തു സംക്രമിക്കുന്നതാണ്. എന്നാൽ മുൻപ് മരണപ്പെട്ട മകന്റെ സ്വത്തിന്റെ ഒരവകാശം ടി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം മാതാവിന് സിദ്ധിച്ചിട്ടുണ്ടെങ്കിൽ മാതാവ് മരണശാസനം കൂടാതെ മരിക്കുന്ന പക്ഷം മാതാവിന്റെ സ്വത്തിന്റെ സംക്രമണം ടി നിയമത്തിലെ 15-ാം വകുപ്പിലെ വ്യവസ്ഥകളിൽ നിന്നും ഭിന്നമായി അവ തിരികെ മകന്റെ ഭാര്യക്കും മക്കൾക്കും വന്നുചേരുന്ന തരത്തിൽ ഒരു ഭേദഗതി കേരള നിയമസഭ പാസാക്കുകയും ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി 2016 നവംബർ 10-ാം തീയതി കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തതാണ് 2015-ലെ ഹിന്ദു |

| | | |
|---|---|---|
| | | പിന്തുടർച്ച (കേരള ഭേദഗതി) നിയമം. വിധവയോടും മക്കളോടും നീതി പുലർത്തുക എന്ന സദുദ്ദേശമാണ് ടി ഭേദഗതി നിയമത്തിനുള്ളത്.<br><br>മാതാവ് ജീവിച്ചിരിക്കെ മകൻ മരണപ്പെടുന്ന സാഹചര്യത്തിൽ മാതാവ് നിരാലംബയായി തീരാതെ അവരുടെ ഉപജീവനത്തിനും സംരക്ഷണത്തിനും വേണ്ടിയാണ് മകന്റെ സ്വത്തിലെ ഒരു ഓഹരി മാതാവിന് ലഭിക്കുന്ന തരത്തിൽ 1956-ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമ പ്രകാരം 8-ാം വകുപ്പ് രൂപപ്പെടുത്തി യിട്ടുള്ളത്. അതേസമയം മരണപ്പെട്ട മകന്റെ ഭാര്യയും മക്കളും അനുഭവിക്കേണ്ട സ്വത്തിന്റെ ഒരു ഓഹരി മാതാവിന്റെ അവകാശികൾക്ക് സംക്രമണം ചെയ്യാതെ മരണപ്പെട്ട മകന്റെ അവകാശികൾക്ക് തിരികെ ലഭിക്കുന്ന രീതിയിൽ ഒരു കേരള ഭേദഗതി സംസ്ഥാനത്തിൽ കൊണ്ടുവന്നത് മകന്റെ വിധവയുടെയും മക്കളുടെയും ക്ഷേമം നിലനിർത്തിക്കൊണ്ടാണ്. ഈ രണ്ടു വ്യവസ്ഥകളും ഒരുമിച്ച് പരിശോധി ക്കുമ്പോൾ സമതുലനാവസ്ഥ, സാമൂഹ്യ നീതി എന്നിവ ഈ നിയമങ്ങളിൽ കാണാവുന്നതാണ്. ഈ നിയമങ്ങളിൽ മാറ്റം വരുത്തുന്നത് 1882-ലെ Transfer of Property Act-ലെ 10-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് എതിരാകുകയായതി നാലും മാതാവിനോടുള്ള സാമൂഹ്യ അനീതി ആകുന്നതായതിനാലും അത്തരം വ്യവസ്ഥയ്ക്ക് നിയമ പരിരക്ഷ നൽകാവുന്നതുമല്ല. മകന്റെ മരണത്തെ തുടർന്ന് മകന്റെ വസ്തുക്കളിൽ നിന്നും മാതാവിന് ലഭിക്കുന്ന ഓഹരി, മാതാവിന്റെ ജീവിതകാലത്ത്, മാതാവിന്റെ ഉടമസ്ഥതയിലുള്ള മറ്റ് വസ്തുക്കളിലെന്ന |

| | | |
|---|---|---|
| | | പോലെ യഥേഷ്ടം കൈകാര്യം ചെയ്യുന്നതിനും ക്രയവിക്രയം നടത്തുന്നതിനും മാതാവിനു പൂർണ്ണാവകാശം ഉണ്ടായിരിക്കേണ്ടതാണ്.<br><br>മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ടിലെ 14-ാം ഖണ്ഡികയിലെ ശിപാർശ നടപ്പിലാക്കുന്നത് നിലവിലെ നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധവും നിയമപരമായി നിലനിൽക്കുന്നതുമല്ല എന്ന വിവരം ബഹു. സമിതിയെ അറിയിച്ചുകൊള്ളുന്നു.<br><br>(27.12.2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും പ്രസ്തുത മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തുകയും ടി വിഷയത്തിന്മേൽ തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.)<br><br>**<u>വനിത ശിശുവികസന (എ) വകുപ്പ്</u>**<br><br><u>(17.04.2023-ലെ ഡബ്ല്യു.സി.ഡി-എ 3/72/2022 നമ്പർ കത്ത് മുഖേന ലഭിച്ചത്)</u><br>മരണപ്പെട്ട മകന്റെ സ്വത്ത് മാതാവിന് വന്നുചേരുന്ന വിഷയത്തിൽ, അത് എപ്രകാരമാണെങ്കിലും കൂടി, പ്രസ്തുത വസ്തു ക്രയവിക്രയം ചെയ്യുന്നതിനോ മാതാവിനുള്ള അവകാശത്തെ പൂർണ്ണമായും വിലക്കുന്നതിനോ ഇടവരുത്തുന്ന തരത്തിലുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കുന്ന നിയമഭേദഗതി 1882-ലെ Transfer of Property Act-ലെ 10-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നതാണ്. |

| | | |
|---|---|---|
| | | (23.08.2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു. നിയമ വകുപ്പിൽ നിന്നും തെളിവെടുപ്പ് നടത്തേണ്ടതില്ലെന്നും തീരുമാനിച്ചു.) |
| 5. | **<u>ശിപാർശ 5 (ഖണ്ഡിക 14)</u>**<br><br>എയ്ഡഡ് സ്കൂൾ അദ്ധ്യാപകരിൽ നിന്നും സമിതിക്ക് ലഭിച്ച പരാതികളുടെ അന്വേഷണ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ സ്കൂൾ മാനേജ്മെന്റ് അമിതാധികാരം പ്രയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സ്കൂൾ മാനേജ്മെന്റിന് അമിതാധികാരം ലഭിക്കുന്നത് ഒഴിവാക്കേണ്ടതാണെന്നും ഇത് സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുന്ന കാര്യം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്</u>**<br><br><u>(21.10.2023-ലെ GE-JR1/167/2023-G.EDN നമ്പർ കത്ത് മുഖേന ലഭിച്ചത്)</u><br><br>കേരള വിദ്യാഭ്യാസ ചട്ടം അനുസരിച്ച് എയ്ഡഡ് സ്കൂളുകളിലെ നിയമനാധികാരി മാനേജർ ആണ്. എയ്ഡഡ് സ്കൂളുകളിൽ ജീവനക്കാരുടെ പ്രൊബേഷൻ, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, അച്ചടക്ക നടപടി എന്നിവയുടെ അധികാരവും, സ്കൂളുകൾക്കുള്ള അറ്റകുറ്റപ്പണി ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും മാനേജർമാരിൽ നിക്ഷിപ്തമാണ്. അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട്, എയ്ഡഡ് സ്കൂൾ ജീവനക്കാരോട് ചില മാനേജർമാർ വ്യക്തിവൈരാഗ്യം തീർക്കുന്നതിന് ഈ അധികാരം ദുർവ്വിനിയോഗം ചെയ്യുന്നതായി ചില കേസുകൾ പരിശോധിക്കുമ്പോൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അകാരണമായി/ നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാട്ടി സസ്പെന്റ് ചെയ്യുക, വകുപ്പും സർക്കാരും നിർദ്ദേശം നൽകിയാലും തിരിച്ചെടുക്കാതിരിക്കുക, റിട്ടയർ ചെയ്താലും അച്ചടക്കനടപടി തീർപ്പാക്കാതെ ആനുകൂല്യങ്ങൾ ലഭിക്കുന്നത് തടസ്സപ്പെടുത്തുക തുടങ്ങിയ പ്രവണതകൾ കണ്ടുവരുന്നു. ആയതിനാൽ സ്കൂൾ മാനേജ്മെന്റിന് ഇത്തരം കാര്യങ്ങളിലുള്ള അധികാരങ്ങൾ പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തുന്നത് സംബന്ധിച്ച്, കേരള വിദ്യാഭ്യാസ ചട്ടം പരിഷ്കരിക്കാനും കാലഹരണപ്പെട്ട ചട്ടങ്ങൾ ഒഴിവാക്കുന്നതിനും വേണ്ടി സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതിയുടെ |

| | | |
|---|---|---|
| | | പരിഗണന വിഷയങ്ങളിൽ ഉൾപ്പെടുത്തി-ക്കൊണ്ട് തുടർനപടികൾ സ്വീകരിക്കുന്നതാണെന്ന് സമിതിയെ അറിയിക്കുന്നു.<br><br>**(20.03.2024-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)** |

യു. പ്രതിഭ,
*ചെയർപേഴ്സൺ,*
*സ്ത്രീകളുടെയും ട്രാൻസ്‌ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2026 ജനുവരി 29.